ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07.07.2025** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. പഹൽഗാം ഭീകരാക്രമണം മാനവരാശിക്കെതിരായ ആക്രമണമെന്ന് ബ്രിക്സ് ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി; ഭീകരാക്രമണത്തെ അപലപിക്കുന്ന ബ്രിക്സ് പ്രഖ്യാപനത്തിന് പ്രധാനമന്ത്രി നന്ദി അറിയിച്ചു.

   **Prime Minister Narendra Modi at the BRICS summit called the Pahalgam terror attack an attack on humanity; the Prime Minister expressed gratitude for the BRICS declaration condemning the terror attack.**

2. വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ഇറാൻ വിദേശകാര്യ മന്ത്രി സെയ്ദ് അബ്ബാസ് അരഘ്ചിയുമായി റിയോഡി ജനീറോയിൽ കൂടിക്കാഴ്ച നടത്തി.

   **External Affairs Minister S. Jaishankar met Iranian Foreign Minister Seyed Abbas Araghchi in Rio de Janeiro.**

3. ഉപരാഷ്ട്രപതി ജഗദീപ് ധൻഖർ ഇന്ന് ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനം നടത്തും; കളമശേരി നുവാൽസിൽ വിദ്യാർഥികളുമായും അധ്യാപകരുമായും സംവദിക്കും.

   **Vice President Jagdeep Dhankhar will visit Guruvayur temple today; will interact with students and teachers at Kalamassery NUALS.**

4. സസ്പെൻഷനെതിരായി കേരള സർവ്വകലാശാല രജിസ്ട്രാർ നൽകിയ ഹർജി ഹൈക്കോടതി ഇന്ന് വീണ്ടും പരിഗണിക്കും.

**The Kerala High Court will consider the petition filed by the Registrar of Kerala University against the suspension today.**

5. ഗാസയിൽ സമാധാനത്തിന് വഴി തെളിയുന്നു; ഇസ്രായേൽ - ഹമാസ് വെടിനിർത്തൽ ചർച്ചകൾ ഖത്തറിൽ.

**Gaza in peace path; Israel-Hamas ceasefire talks in Qatar.**

6. എഡ്ജ്ബാസ്റ്റണിൽ ഇന്ത്യയ്ക്ക് ചരിത്ര ജയം; ഇംഗ്ലണ്ടിനെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ 336 റൺസ് ജയത്തോടെ പരമ്പരയിൽ ഒപ്പത്തിനൊപ്പം.

**Historic win for India at Edgbaston; wins the second cricket Test against England by 336 runs and level the series.**

************************************

## PM BRICS – PEACE SECURITY (INTRO)

മാനവരാശിയ്ക്കെതിരായ വെല്ലുവിളിയാണ് പഹൽഗാം ഭീകരാക്രമണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഭീകരാക്രമണത്തോടുള്ള നിലപാട് സൗകര്യം അനുസരിച്ചാകരുതെന്നും എവിടെ നടന്നു എന്നത് നോക്കി നയം സ്വീകരിച്ചാൽ അത് മാനവരാശിക്കെതിരായ നിലപാടാകുമെന്നും അദ്ദേഹം പറഞ്ഞു. ബ്രിക്സ് ഉച്ചകോടിയുടെ ഭാഗമായി സുരക്ഷ-സമാധാനം എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെഷണിൽ സംസാരിക്കുകയായിരുന്നു.

(വോയിസ് )

## PM BRICS – PEACE SECURITY (VOICE)

പഹൽഗാം ഭീകരാക്രമണത്തെ അപലപിക്കുന്ന ബ്രിക്സ് പ്രഖ്യാപനത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി സ്വാഗതം ചെയ്തു. ഭീകരവാദത്തിന് ഇരയായവരെയും ഭീകരവാദികളേയും ഒരേ തുലാസിൽ അളക്കേണ്ടതില്ലെന്ന് അദ്ദേഹം വ്യക്തമാക്കി. പഹൽഗാം ഭീകരാക്രമണം ഇന്ത്യയുടെ വ്യക്തിത്വത്തിനും ആത്മാഭിമാനത്തിനും നേരെ ഉണ്ടായ ആക്രമണമായിരുന്നു എന്നും പ്രധാനമന്ത്രി പറഞ്ഞു. ഭീകരവാദത്തെ ഏതെങ്കിലും രാജ്യം പ്രത്യക്ഷമായോ പരോക്ഷമായോ പിന്തുണച്ചാൽ അതിന് കനത്ത വില നൽകേണ്ടി വരും. മനുഷ്യത്വം പുലരുന്നതിന് സമാധാനവും സുരക്ഷിതവുമായ അന്തരീക്ഷം ആവശ്യമാണെന്ന് പറഞ്ഞ പ്രധാനമന്ത്രി ഈ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ ബ്രിക്സ് നിർണായക പങ്കു വഹിക്കുന്നതായും പറഞ്ഞു. ഗാസയിൽ എത്രയും വേഗം സമാധാനം പുനസ്ഥാപിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. 17-ാമത് ബ്രിക്സ് ഉച്ചകോടിയുടെ ഭാഗമായി ബഹുസ്വരത-സാമ്പത്തികകാര്യം നിർമിത ബുദ്ധി എന്നീ വിഷയങ്ങളിൽ സംഘടിപ്പിച്ച ഔട്ട്റീച്ച് സെഷനിലും പ്രധാമന്ത്രി നരേന്ദ്ര മേദി പങ്കെടുത്തു.

ന്യൂസ് ഡെസ്ക് ആകാശവാണി.......

**********************************

## PM-MALAYSIA CUBA BRICS

ബ്രിക്സ് ഉച്ചകോടിക്കിടെ പ്രധാനമന്ത്രി നരേന്ദ്ര മോദി മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമുമായി കൂടിക്കാഴ്ച നടത്തി. പ്രതിരോധം, ഭീകരവാദ വിരുദ്ധ പ്രവർത്തനം, വിദ്യാഭ്യാസം, വ്യാപാരം, നിക്ഷേപം, ഔഷധനിർമാണം തുടങ്ങിയ മേഖലകളിലെ ഇന്ത്യ-മലേഷ്യ പങ്കാളിത്ത'ത്തിൻറെ പുരോഗതി ഇരു നേതാക്കളും അവലോകനം ചെയ്തു. പഹൽഗാം ഭീകരാക്രമണത്തെ ശക്തമായി അപലപിച്ച ഇബ്രാഹിമിനെ പ്രധാനമന്ത്രി നന്ദി അറിയിച്ചു. ക്യൂബ പ്രസിഡൻറ് മിഗുവൽ ഡയസ്-കാനൽ ബെർമുഡെസുമായും ശ്രീ

മോദി കൂടിക്കാഴ്ച നടത്തി. സാമ്പത്തിക സഹകരണം, ജൈവസാങ്കേതിക വിദ്യ, ആയുർവേദം, ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾ, യു.പി.ഐ, തുടങ്ങിയ മേഖലകളിലെ സഹകരണം ചർച്ചയായി.

***********************************

## JAISHANKAR TALKS

ബ്രസീലിൽ നടക്കുന്ന ബ്രിക്സ് ഉച്ചകോടിക്കിടെ വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ഇറാനിയൻ വിദേശകാര്യ മന്ത്രി സെയ്ദ് അബ്ബാസ് അരഘ്ചിയുമായി കൂടിക്കാഴ്ച നടത്തി. സംഭാഷണത്തിൽ അടുത്തിടെയുണ്ടായ സംഘർഷങ്ങളെ കുറിച്ച് പരാമർശിച്ചതായി ശ്രീ ജയ്ശങ്കർ സമൂഹ മാധ്യമത്തിൽ കുറിച്ചു. മെക്സിക്കോ വിദേശകാര്യ സെക്രട്ടറിയുമായും വിദേശകാര്യ മന്ത്രി കൂടിക്കാഴ്ച നടത്തി. ആരോഗ്യം, സാങ്കേതികവിദ്യ, ബഹിരാകാശം തുടങ്ങിയ മേഖലകളിലെ ഇന്ത്യ-മെക്സിക്കോ പങ്കാളിത്തത്തിൻറെ പുരോഗതി ചർച്ച ചെയ്തതായി വിദേശകാര്യമന്ത്രി പറഞ്ഞു. റഷ്യൻ വിദേശകാര്യ മന്ത്രി സെർജി ലാവ്റോവുമായി പശ്ചിമേഷ്യയിലെ പ്രശ്നങ്ങൾ, ബ്രിക്സ്, SCO , ഉഭയകക്ഷി സഹകരണം എന്നീ വിഷയങ്ങളും ശ്രീ ജയ്ശങ്കർ ചർച്ച ചെയ്തു.

***********************************

## VP VISIT KERALA

രണ്ടു ദിവസത്തെ സന്ദർശനത്തിനായി കേരളത്തിലെത്തിയ ഉപരാഷ്ട്രപതി ജഗദീപ് ധൻഖർ ഇന്ന് ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനം നടത്തും. ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോട് അനുബന്ധിച്ച് ഗുരുവായൂരിൽ രാവിലെ 8 മണി മുതൽ പത്തു മണി വരെ വിവാഹം, ചോറൂണ്, ക്ഷേത്ര ദർശനം എന്നിവയ്ക്ക് നിയന്ത്രണം ഉണ്ടായിരിക്കും. ക്ഷേത്ര ദർശനത്തിനു ശേഷം കളമശേരിയിൽ നാഷനൽ യൂണിവേഴ്സിറ്റി ഓഫ്

അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിൽ വിദ്യാർഥികളും അധ്യാപകരുമായി ഉപരാഷ്ട്രപതി ആശയ വിനിമയം നടത്തും. ഉച്ചകഴിഞ്ഞ് അദ്ദേഹം ഡൽഹിക്ക് മടങ്ങും.

***********************************

## RAJNATH SINGH-CONTROLLERS CONFERENCE

ഡിഫൻസ് അക്കൗണ്ട്സ് ഡിപ്പാർട്ട്മെൻറ് ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന കൺട്രോളേഴ്സ് കോൺഫറൻസ് ഇന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ഉദ്ഘാടനം ചെയ്യും. മൂന്ന് ദിവസത്തെ സമ്മേളനത്തിൽ, പ്രതിരോധ ബജറ്റ്, അക്കൗണ്ട്സ് പരിഷ്കരണം, ഓഡിറ്റ് നവീകരണം, വിലനിർണയ പരിഷ്കരണം, ശേഷി വികസനം തുടങ്ങിയ വിഷയങ്ങൾ ഉൾക്കൊള്ളുന്ന എട്ട് സെഷനുകൾ ഉണ്ടായിരിക്കും.

***********************************

## BIHAR - VAISHNAW

കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ഇന്ന് ബീഹാർ സന്ദർശിക്കും. സമസ്തിപൂർ ജില്ലയിലെ കർപൂരി ഗ്രാം റെയിൽവേ സ്റ്റേഷനിൽ 17 കോടിയിലധികം രൂപയുടെ നിർമാണ പദ്ധതികൾ അദ്ദേഹം ഉദ്ഘാടനം ചെയ്യും. കേന്ദ്ര സഹമന്ത്രി രാംനാഥ് താക്കൂർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കും.

***********************************

## ISRAEL-HAMAS TALKS

ഇസ്രായേലും ഹമാസും തമ്മിൽ ഖത്തറിൽ വെടിനിർത്തൽ ചർച്ചകൾ ആരംഭിച്ചു. ആദ്യ വട്ട ചർച്ച ധാരണയാകാതെ പിരിഞ്ഞതായി പലസ്തീൻ വൃത്തങ്ങൾ അറിയിച്ചു. 60 ദിവസത്തെ വെടിനിർത്തൽ, ബന്ദികളുടെ മോചനം, കൊല്ലപ്പെട്ട ബന്ദികളുടെ

മൃതദേഹം കൈമാറൽ, ഇസ്രായേലി ജയിലുകളിൽ നിന്ന് പലസ്തീൻ തടവുകാരെ മോചിപ്പിക്കൽ എന്നിവ നിർദ്ദിഷ്ട കരാറിൽ ഉള്ളതായാണ് റിപ്പോർട്ട്. അതേസമയം, ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു യു.എസ് പ്രസിഡൻറ് ഡോണൾഡ് ട്രംപുമായി ഇന്ന് വാഷിംഗ്ടണിൽ കൂടിക്കാഴ്ച നടത്തും. വെടിനിർത്തൽ ആവശ്യങ്ങളോട് ഹമാസിൻറെ ഭാഗത്ത് നിന്ന് അനുകൂല പ്രതികരണമാണുണ്ടായതെങ്കിലും ഇസ്രായേൽ സൈന്യത്തെ പൂർണമായി പിൻവലിക്കണമെന്ന് ഹമാസ് വ്യക്തമാക്കിയിട്ടുണ്ട്. അതിനിടെ കഴിഞ്ഞ ദിവസം ഇസ്രായേൽ സൈന്യം നടത്തിയ ആക്രമണങ്ങളിൽ 30-ലധികം പേർ കൊല്ലപ്പെട്ടതായി ഗാസയിലെ ആശുപത്രി അധികൃതർ സ്ഥിരീകരിച്ചു.

***********************************

## TEXAS-FLOODS TOLL

അമേരിക്കയിലെ, ടെക്സസിലുണ്ടായ പ്രളയത്തിൽ മരണസംഖ്യ 80 ആയി. ഗ്വാഡലൂപ്പ് നദിക്കടുത്തുള്ള വേനൽക്കാല ക്യാമ്പായ ക്യാമ്പ് മിസ്റ്റിക്കിൽ നിന്ന് കാണാതായ 11 പെൺകുട്ടികൾക്കു വേണ്ടിയുള്ള തെരച്ചിൽ തുടരുന്നു. ട്രാവിസ് കൗണ്ടിയിൽ അഞ്ച് മരണങ്ങളും, ബർനെറ്റ് കൗണ്ടിയിൽ മൂന്ന് മരണങ്ങളും, കെൻഡാൽ കൗണ്ടിയിൽ രണ്ട് മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 850-ലധികം പേരെ രക്ഷപ്പെടുത്തി.

***********************************

## SURINAME- NEW PRESIDENT

സുരിനാമിലെ ആദ്യ വനിതാ പ്രസിഡൻറായി ജെനിഫർ സൈമൺസ് തിരഞ്ഞെടുക്കപ്പെട്ടു. ഭരണ – പ്രതിപക്ഷ കക്ഷികൾക്ക് ഭൂരിപക്ഷം ലഭിക്കാതെ വന്നതോടെ തൂക്ക് മന്ത്രിസഭ എന്ന തീരുമാനത്തിലെത്തുകയും സൈമണിനെ പ്രസിഡൻറായി തിരഞ്ഞെടുക്കുകയുമായിരുന്നു. ഡോക്ടറും മുൻ

പാർലെൻററി സ്പീക്കറുമാണ് സൈമൺസ്. മേയ് 25 ന് നടന്ന തിരഞ്ഞെടുപ്പിൽ സൈമൺസിൻറെ നാഷണൽ ഡെമോക്രാറ്റിക് പാർട്ടി 18 സീറ്റുകളും നിലവിലെ ഭരണ കക്ഷിയായ പ്രോഗ്രസീവ് റിഫോമ്സ് പാർട്ടി 17 സീറ്റും മറ്റ് പാർട്ടികൾ 16 സീറ്റുകളുമാണ് നേടിയത്.

************************************

## CRICKET-IND ENG (INTRO)

ബർമിംഗ്ഹാമിലെ എഡ്ജ്ബാസ്റ്റണിൽ നടന്ന ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫി രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ആതിഥേയരായ ഇംഗ്ലണ്ടിനെ 336 റൺസിന് പരാജയപ്പെടുത്തിയ ഇന്ത്യ ചരിത്ര വിജയം നേടി. ഇതോടെ പരമ്പര 1-1 ന് സമനിലയിലായി. ലോഡ്സിലാണ് മൂന്നാം ടെസ്റ്റ്.

(വോയിസ്)

************************************

## CRICKET-IND ENG (VOICE)

എഡ്ജ്ബാസ്റ്റണിൽ ഇന്ത്യയുടെ ആദ്യ ടെസ്റ്റ് വിജയമാണിത്. മുമ്പ് എഡ്ജ്ബാസ്റ്റണിൽ കളിച്ച എട്ട് ടെസ്റ്റുകളിൽ ഏഴും ഇന്ത്യ തോറ്റിരുന്നു. 1986-ൽ കളിച്ച ഒരു മത്സരം മാത്രമാണ് ഇന്ത്യയ്ക്ക് സമനിലയിലാക്കാൻ കഴിഞ്ഞിരുന്നത്. 5-ാം ദിനം മഴ മൂലം 100 മിനിറ്റ് വൈകിയിട്ടും, ആതിഥേയരുടെ ശേഷിക്കുന്ന ഏഴ് വിക്കറ്റുകൾ വീഴ്ത്താൻ ഇന്ത്യൻ ബൗളർമാർക്ക് സാധിച്ചു. ആകാശ് ദീപ് മത്സരത്തിൽ 10 വിക്കറ്റ് നേട്ടം കൈവരിച്ചു. 7 വിക്കറ്റുകൾ വീഴ്ത്തിയ മുഹമ്മദ് സിറാജ് അദ്ദേഹത്തിന് മികച്ച പിന്തുണ നൽകി. ആദ്യ ഇന്നിംഗ്സിൽ 269 റൺസും രണ്ടാം ഇന്നിംഗ്സിൽ 161 റൺസും ഉൾപ്പെടെ ക്യാപ്റ്റൻ ശുഭ്മാൻ ഗിൽ നേടിയ 430 റൺസാണ് ഇന്ത്യയെ വിജയത്തിലെത്തിച്ചത്. ഗിൽ തന്നെയാണ് കളിയിലെ താരം.

ന്യൂസ് ഡെസ്ക് ആകാശവാണി.......

************************************

## BOXING MEDAL

കസാക്കിസ്ഥാനിലെ അസ്റ്റാനയിൽ നടക്കുന്ന ലോക ബോക്സിംഗ് കപ്പിൽ വനിതകളുടെ 54 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യയുടെ സാക്ഷി ചൗധരിയ്ക്ക് സ്വർണം. അമേരിക്കയുടെ യോസെലിൻ പെരസിനെയാണ് ഫൈനലിൽ സാക്ഷി പരാജയപ്പെടുത്തിയത്. വനിതകളുടെ 48 കിലോഗ്രാം വിഭാഗത്തിൽ മീനാക്ഷി, 80 കിലോഗ്രാം വിഭാഗത്തിൽ പൂജ റാണി, പുരുഷന്മാരുടെ 85 കിലോഗ്രാം വിഭാഗത്തിൽ ജുഗ്നൂ എന്നിവർ വെള്ളി മെഡൽ നേടി.

************************************

## WIMBLEDON

വിംബിൾഡൺ ടെന്നിസ് പുരുഷന്മാരുടെ മിക്സഡ് ഡബിൾസിൽ ഇന്ത്യയുടെ യുകി ഭാംബ്രി – റോബർട്ട് ഗാലോവി സഖ്യം ഇന്നിറങ്ങും. ഇന്നലെ നടന്ന മിക്സഡ് ഡബിൾസിൽ ഭാംബ്രി-സിയാങ് സിൻസു സഖ്യം ചൈനീസ് സഖ്യത്തോട് പരാജയപ്പെട്ടു. അതേസമയം കാർലോസ് അൽക്കാരസ്, അരീന സെബലങ്ക എന്നിവർ ക്വാട്ടർഫൈനലിൽ പ്രവേശിച്ചു.

************************************

## KERALA UNIVERSITY

കേരള സർവ്വകലാശാലയിൽ ഇന്നലെ ചേർന്ന അടിയന്തര സിൻഡിക്കറ്റ് യോഗവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഉൾപ്പെടെ ഹൈക്കോടതി ഇന്ന് പരിഗണിക്കും. സസ്പെൻഷനിലായ രജിസ്ട്രാർ ഡോ കെ എസ് അനിൽകുമാർ നേരത്തെ ഹൈക്കോടതിയെ സമീപിച്ചിരുന്നു. കേസ് പരിഗണിച്ച കോടതി ബന്ധപ്പെട്ട കക്ഷികളോട് സത്യവാങ്മൂലം സമർപ്പിക്കാൻ നിർദ്ദേശിക്കുകയായിരുന്നു. രജിസ്ട്രാറുടെ സസ്പെൻഷനുമായി

ബന്ധപ്പെട്ട് വൈസ് ചാൻസലറും സിൻഡിക്കേറ്റും വെവ്വേറെ സത്യവാങ്മൂലങ്ങൾ സമർപ്പിക്കുമെന്നാണ് സൂചന. തർക്കം രൂക്ഷമായ സാഹചര്യത്തിൽ ഹൈക്കോടതി തീരുമാനം നിർണ്ണായകമാകും.

***********************************

## NIPAH KERALA

കേരളത്തിൽ നിപ പ്രതിരോധ നടപടികൾ തുടരുന്നു. ആരോഗ്യ മന്ത്രി വീണാ ജോർജിൻറെ നേതൃത്വത്തിൽ ഇന്നലെ ഉന്നതതല യോഗം ചേർന്നു. നിപ സമ്പർക്കപ്പട്ടികയിൽ നിലവിൽ 383 പേരാണ് ഉള്ളത്. മലപ്പുറം ജില്ലയിൽ നിപ ബാധിച്ച വ്യക്തിയുടെ സമ്പർക്ക പട്ടികയിലുള്ള 241 പേരും പാലക്കാട്ടെ നിപ രോഗിയുടെ സമ്പർക്കപ്പട്ടികയിലുള്ള 142 പേരും നിരീക്ഷണത്തിലാണ്. മലപ്പുറത്ത് നിപ ലക്ഷണങ്ങളോടെ 12 പേരാണ് ചികിത്സയിലുള്ളത്. പാലക്കാട് 4 പേരും ചികിത്സയിലാണ്.

***********************************

## RAIN KERALA

സംസ്ഥാനത്ത് അടുത്ത നാലു ദിവസം ഒറ്റപ്പെട്ട കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്. കർണാടക തീരത്ത് മറ്റന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

***********************************

## IDUKKI JEEP TRIP

ഇടുക്കി ജില്ലയിലെ ജീപ്പ് സവാരികൾക്ക് ജില്ലാ കളക്ടർ നിരോധനം ഏർപ്പെടുത്തി. തുടരെയുണ്ടാകുന്ന അപകടങ്ങളുടെ പശ്ചാത്തലത്തിൽ ജീപ്പ് സവാരിക്കും ഓഫ്-റോഡ് സവാരികൾക്കും

ഉൾപ്പെടെയാണ് നിരോധനം. മതിയായ രേഖകളും സുരക്ഷാ സംവിധാനങ്ങളും ഉറപ്പാക്കണമെന്നും ജില്ലാ കളക്ടർ ഉത്തരവിട്ടു.

*****************************************************************

************************************